**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1148** **10-08-2023 - ൽ മറുപടിയ്ക്ക്**

**നെയ്യാറ്റിൻകര മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര മണ്ഡലത്തിലെ കാരോട് - കുളത്തൂർ, അതിയന്നൂർ - കോട്ടുകാൽ കുടിവെള്ള പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | **അതിയന്നൂർ, കോട്ടുകാൽ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി.**<br><br>**തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലുൾപ്പെട്ട അതിയന്നൂർ, കോട്ടുകാൽ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ ഒന്നാംഘട്ട പ്രവൃത്തികൾക്കായി 07.09.2019-ൽ കിഫ്ബി വഴി 25.49 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പദ്ധതിയുടെ വിവിധ ഘടകങ്ങൾക്കുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുകയും 08.02.2021-ൽ 22.91 കോടി രൂപയുടെ സാങ്കേതികാനുമതി നൽകുകയും ചെയ്തു. നെയ്യാറാണ് ഈ പദ്ധതിയുടെ സ്രോതസ്സ്. ഈ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്ന വിവിധ ഘടകങ്ങൾ താഴെ പറയുന്നു.**<br><br>1. **അതിയന്നൂർ പഞ്ചായത്തിലെ പോങ്ങിൽ എന്ന സ്ഥലത്ത് 15 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാല.**<br>2. **ജലശുദ്ധീകരണ ശാലയ്ക്കടുത്തായി 6 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂതല ജലസംഭരണി.**<br>3. **ജലശുദ്ധീകരണ ശാലയ്ക്കടുത്തായി 10 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതലജലസംഭരണി.**<br>4. **പിരായുംമൂട് എന്ന സ്ഥലത്ത് നെയ്യാറിനു സമീപം 9.0 മീ. വ്യാസമുള്ള കിണറും പമ്പ്ഹൗസും.**<br>5. **കിണറും പമ്പ് ഹൗസിനും ജലശുദ്ധീകരണ ശാലയ്ക്കടുത്തു സബ്സ്റ്റേഷൻ കെട്ടിടങ്ങളുടെ നിർമ്മാണം.**<br>6. **റാ വാട്ടർ പമ്പ് ഹൗസ് മുതൽ ജല ശുദ്ധീകരണശാല വരെ 5500 മീ.** |

ദൈർഘ്യത്തിൽ 500 മി.മീ. വ്യാസമുള്ള ഡക്റ്റൈൽ അയൺ റാ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കൽ

7. ജലശുദ്ധീകരണശാല മുതൽ ഉപരിതല ജലസംഭരണി വരെ 100 മീ. ദൈർഘ്യത്തിൽ 350 മി.മീ. വ്യാസമുള്ള ഡക്റ്റൈൽ അയൺ ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കൽ
8. റാ വാട്ടർ, ക്ലിയർ വാട്ടർ പമ്പ്ഹൗസുകളിൽ 150 എച്ച്.പി. വീതമുള്ള പമ്പ് സെറ്റുകൾ സ്ഥാപിക്കലും ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കലും.

പദ്ധതിയുമായി ബന്ധപ്പെട്ട വിവിധ ഘടകങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുകയാണ്, 90% പ്രവൃത്തികൾ ഇതിനോടകം പൂർത്തിയായിട്ടുണ്ട്. 2023 ഒക്ടോബർ മാസത്തിൽ പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

<u>കുളത്തൂർ, കാരോട്, ചെങ്കൽ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി.</u>

കുളത്തൂർ, കാരോട്, ചെങ്കൽ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള കുടിവെള്ള പദ്ധതിയ്ക്ക് കിഫ്ബി വഴി 89.189 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഈ പദ്ധതിയുടെ ഭാഗമായി പൂർത്തീകരിക്കേണ്ട വിവിധ ഘടകങ്ങൾ താഴെ പറയുന്നവയാണ്.

1. പൊൻവിളയിൽ 16 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാല.
2. മാവിളക്കടവിൽ 9.0 മീ വ്യാസമുള്ള കിണറും പമ്പ്ഹൗസും
3. പൊൻവിള, ചെങ്കൽ, കുളത്തൂർ, കാരോട് എന്നിവിടങ്ങളിൽ 30, 17, 15, 10 ലക്ഷം ലിറ്റർ വീതം സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണികൾ
4. റാ വാട്ടർ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ പൈപ്പ് ലൈനുകൾ
5. പൊൻവിളയിൽ ജലശുദ്ധീകരണ ശാലയ്ക്കടുത്തായി സബ്സ്റ്റേഷൻ കെട്ടിടം.
6. ട്രാൻസ്ഫോർമറുകളും പമ്പ് സെറ്റുകളും സ്ഥാപിക്കൽ.

പ്രസ്തുത പദ്ധതിയിലെ വിവിധ ഘടകങ്ങളെ രണ്ടു പാക്കേജുകളായി തിരിക്കുകയും അതിൽ റാ വാട്ടർ, ക്ലിയർ വാട്ടർ പൈപ്പ് ലൈനുകൾ ഉൾപ്പെടുന്ന പാക്കേജിന്റെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭ്യമാക്കി ദർഘാസുകൾ ക്ഷണിച്ചെങ്കിലും ആരും

| | | | |
|---|---|---|---|
| | | | **പങ്കെടുത്തില്ല. തുടർന്ന് അവസാന തീയതി 24.07.2023 ആയി നിശ്ചയിച്ചുകൊണ്ട് പുന:ദർഘാസുകൾ ക്ഷണിക്കുകയും ഒരു ഓഫർ ലഭിക്കുകയും ചെയ്തു. ദർഘാസിന്റെ പ്രീ ക്വാളിഫിക്കേഷൻ നടപടികൾ നടന്നു വരുന്നു.**<br><br>**ജലശുദ്ധീകരണശാലയും അനുബന്ധ ഘടകങ്ങളുമുൾപ്പെടുന്ന പാക്കേജിന്റെ ദർഘാസുകൾ അവസാന തീയതി 31.07.2023 ആയി നിശ്ചയിച്ചുകൊണ്ട് ക്ഷണിച്ചെങ്കിലും ഒരാൾ മാത്രമേ പങ്കെടുത്തുള്ളൂ. നിലവിലെ നിയമം അനുസരിച്ച് ആദ്യത്തെ ദർഘാസിൽ ലഭിക്കുന്ന ഒറ്റ ഓഫർ തുറക്കാൻ സാധിക്കാത്തതിനാൽ പ്രസ്തുത ദർഘാസ് റദ്ദാക്കുകയും പുന:ദർഘാസ് ക്ഷണിച്ചിരിക്കുകയുമാണ്. 23.08.2023 ആണ് ദർഘാസ് സമർപ്പിക്കുന്നതിനുള്ള അവസാന തീയതി. ദർഘാസ് നടപടികൾ പൂർത്തിയായിക്കഴിഞ്ഞാൽ ഒന്നര വർഷം കൊണ്ട് പദ്ധതി പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.** |
| (ബി) | കാരോട് കുടിവെള്ള പദ്ധതിയുടെ ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | **കാരോട് കുടിവെള്ള പദ്ധതിയുടെ ദർഘാസ് നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല. പദ്ധതിയ്ക്ക് ആദ്യം ദർഘാസുകൾ ക്ഷണിച്ചപ്പോൾ അടങ്കൽ തുകയേക്കാളും അംഗീകരിക്കാൻ കഴിയാത്ത കൂടുതൽ തുക ക്വാട്ട് ചെയ്തതിനാൽ പ്രസ്തുത ദർഘാസ് റദ്ദാക്കി, തുടർന്ന് പദ്ധതിയുടെ എസ്റ്റിമേറ്റ് പ്രൈസ്-3 സോഫ്റ്റ് വെയറിൽപുതുക്കി നിർണ്ണയിച്ച് പുതിയ ദർഘാസുകൾ ക്ഷണിക്കേണ്ടതായി വന്നു. അതിനെത്തുടർന്ന് പദ്ധതിയിലെ വിവിധ ഘടകങ്ങളെ രണ്ടു പാക്കേജുകളായി തിരിക്കുകയും അതിൽ റാ വാട്ടർ, ക്ലിയർ വാട്ടർ പൈപ്പ് ലൈനുകൾ ഉൾപ്പെടുന്ന പാക്കേജിന്റെ എസ്റ്റിമേറ്റ് പുതുക്കി സമർപ്പിച്ച് സാങ്കേതികാനുമതി ലഭ്യമാക്കി ദർഘാസുകൾ ക്ഷണിച്ചെങ്കിലും ആരും പങ്കെടുത്തില്ല. തുടർന്ന് അവസാന തീയതി 24.07.2023 ആയി നിശ്ചയിച്ചുകൊണ്ട് രണ്ടാം പുന:ദർഘാസുകൾ ക്ഷണിക്കുകയും 26.07.2023 ൽ ടെക്നിക്കൽ ബിഡ് തുറക്കുകയും ഒരു ഓഫർ ലഭിക്കുകയും ചെയ്തു. ദർഘാസിന്റെ പ്രീ ക്വാളിഫിക്കേഷൻ നടപടികൾ നടന്നു വരുന്നു. ജലശുദ്ധീകരണശാലയും അനുബന്ധ ഘടകങ്ങളുമുൾപ്പെടുന്ന പാക്കേജിൽ ദർഘാസുകൾ അവസാന തീയതി 31.07.2023 ആയി നിശ്ചയിച്ചുകൊണ്ട് ക്ഷണിച്ചെങ്കിലും ഒരാൾ മാത്രമേ പങ്കെടുത്തുള്ളൂ. നിലവിലെ നിയമം അനുസരിച്ച് ആദ്യത്തെ ദർഘാസിൽ ലഭിക്കുന്ന ഒറ്റ ഓഫർ തുറക്കാൻ സാധിക്കാത്തതിനാൽ റദ്ദാക്കുകയും പുന:ദർഘാസ് ക്ഷണിച്ചിരിക്കുകയുമാണ്. 23.08.2023 ആണ് ദർഘാസ് സമർപ്പിക്കുന്നതിനുള്ള അവസാന** |

| | | | |
|---|---|---|---|
| | | | **തീയതി. ദർഘാസ് നടപടികൾ പൂർത്തിയായിക്കഴിഞ്ഞാൽ ഒന്നര വർഷം കൊണ്ട് പദ്ധതി പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.** |
| (സി) | അതിയന്നൂർ കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണത്തിന് എത്ര നാൾ വേണ്ടിവരും എന്നും ഇനി പൂർത്തീകരിക്കേണ്ട പ്രവൃത്തികൾ ഏതൊക്കെയെന്നും വിശദമാക്കാമോ? | (സി) | **അതിയന്നൂർ കുടിവെള്ള പദ്ധതി 2023 ഒക്ടോബർ മാസത്തോടുകൂടി പൂർത്തിയാക്കി കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പദ്ധതിയുടെ വിവിധ ഘടകങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്. ഇനി പൂർത്തീകരിക്കേണ്ട പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.**<br><br>1. **ഉപരിതല ജല സംഭരണി, ഫിൽട്ടർ ഹൗസ്, എയ്റേറ്റർ എന്നിവയുടെ പ്ലാസ്റ്ററിംഗ് പൂർത്തീകരിക്കേണ്ടതുണ്ട്.**<br>2. **പമ്പ് സെറ്റുകൾ, ട്രാൻസ്ഫോർമറുകൾ തുടങ്ങിയ ഇലക്ട്രിക് ഘടകങ്ങൾ സ്ഥാപിക്കേണ്ടതുണ്ട്.**<br>3. **റാ വാട്ടർ പമ്പിംഗ് മെയിൻ പൈപ്പ് ലൈനിന്റെ പതിനഞ്ചു ശതമാനം പ്രവൃത്തികൾ കൂടി പൂർത്തീകരിക്കേണ്ടതുണ്ട്.**<br>4. **പദ്ധതിക്കാവശ്യമായ വൈദ്യുതകണക്ഷനുകൾ ലഭ്യമാക്കേണ്ടതുണ്ട്. ഇതിന് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ പരിശോധനയും, മറ്റ് നടപടിക്രമങ്ങളും പൂർത്തീകരിക്കേണ്ടതുണ്ട്.** |

സെക്ഷൻ ഓഫീസർ